**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗികളുടെ മരണ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം ചെറിയ തോതിലെങ്കിലും കുറഞ്ഞു വരുമ്പോഴും മരണ നിരക്ക് കുറയാതെ നിൽക്കുന്നത് ആശങ്കയോടെ കാണുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഓരോ രാജ്യങ്ങളിലേയും, മറ്റ് സംസ്ഥാനങ്ങളിലേയും മരണ നിരക്ക് സസൂക്ഷ്മം പരിശോധിക്കുമ്പോൾ കേരളത്തിലെ മരണ നിരക്കും കുറവാണ് എന്ന് കാണാവുന്നതാണ്. കേസ് ഫറ്റാലിറ്റി നിരക്ക് (CFR) സംസ്ഥാനം ശ്രദ്ധയോടെ അപഗ്രഥിക്കുന്നുണ്ട്. ഒരു ഘട്ടത്തിൽ പോലും കേസ് ഫറ്റാലിറ്റി നിരക്ക് ദേശീയ ശരാശരിയെക്കാളും ഉയർന്നില്ല എന്നതും എടുത്തു പറയേണ്ടതാണ്. ഉയർന്ന ജനസാന്ദ്രതയും ജീവിതശൈലീ രോഗങ്ങളുടെ അളവ് വളരെ ഉയർന്നു നിൽക്കുന്നു എങ്കിലും കേരളത്തിലെ ചിട്ടയായ ടെസ്റ്റിംഗ് വഴി, രോഗം പകർന്ന ഏറ്റവും കൂടുതൽ ആളുകളെ കണ്ടെത്തുകയും, തുടർന്ന് കോണ്ടാക്റ്റ് ട്രേസിങ്ങും, ചികിത്സയും ഉറപ്പാക്കുകയും അത് വഴി മരണ നിരക്ക് കുറക്കുകയും ചെയ്തു. പ്രതിമാസ മരണങ്ങളുടെ എണ്ണവും മരണ നിരക്കും കേരളം പോലൊരു സംസ്ഥാനത്ത് വർദ്ധിച്ചിട്ടില്ല എന്നതും എടുത്തു പറയേണ്ടതാണ്. |
| (ബി) | കോവിഡ് മരണനിരക്ക് കുറയാത്തതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഏതൊരു രോഗവും ഉണ്ടാകുന്നത് രോഗിയുടെയും, രോഗാണുവിന്റെയും, പരിസ്ഥിതി ഉൾപ്പെടെയുള്ള ബാഹ്യ ഘടകങ്ങളുടെയും, അടിസ്ഥാനത്തിൽ ആണ്. കോവിഡ് മരണം ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ടത് മുതൽ തന്നെ അവരുടെ രോഗാവസ്ഥയെ സ്വാധീനിക്കാവുന്ന രോഗിയുടെ ഘടകങ്ങളും, ചികിത്സ തേടുന്നതും നല്കുന്നതുമായി ബന്ധപെട്ട ഘടകങ്ങളും ആരോഗ്യ വകുപ്പ് നിരീക്ഷിച്ച് വരുന്നുണ്ട്. രോഗികളുടെ പ്രായം, ലിംഗം, രോഗത്തിന്റെ തീവ്രത, മരണപെടുന്ന സ്ഥലം, മറ്റ് അനുബന്ധ രോഗങ്ങൾ, വാക്സിനേഷൻ തുടങ്ങിയവയുമായി ബന്ധപെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് അവലോകനം ചെയ്യുന്നുണ്ട്. നാളിതുവരെ മരണപ്പെട്ട കോവിഡ് രോഗികളിൽ |

| | | | |
|---|---|---|---|
| | | | 80% പേർക്ക് അനുബന്ധ രോഗങ്ങൾ ഉണ്ടായിരുന്നു. ബാക്കിയുള്ള 20% ൽ അനുബന്ധ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത 66% പേർ 60 വയസ്സിനു മുകളിൽ ഉള്ളവരായിരുന്നു. സംസ്ഥാനതലത്തിൽ മെഡിക്കൽ കോളേജിലെയും, ഹെൽത്ത് സർവ്വീസിലെയും, മെഡിസിൻ, പീഡിയാട്രിക്സ്, മൈക്രോ ബയോളജി എന്നീ സ്പെഷ്യാലിറ്റികളിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാർ, പൊതുജനാരോഗ്യ വിദഗ്ധർ, എന്നിവരുൾപ്പെടെ ഒരു മൾട്ടിഡിസിപ്ലിനറി ഡെത്ത് ഓഡിറ്റ് കമ്മിറ്റി, സാംക്രമിക രോഗം മൂലമാണെന്ന് സംശയിക്കുന്ന എല്ലാ മരണങ്ങളും ഓഡിറ്റ് ചെയ്യുന്നു. ഡെത്ത് ഓഡിറ്റിന്റെ ലക്ഷ്യം പൊതുജനാരോഗ്യ നിരീക്ഷണ – രോഗ ചികിത്സാ പ്രതിരോധ സംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തലും ഏതെങ്കിലും മരണങ്ങൾ തടയാൻ കഴിയുമോ എന്ന് കാണുകയും ഇത്തരത്തിൽ മരണങ്ങൾ തടയുന്നതിനുള്ള ശുപാർശകൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ്. അത്തരം ഓഡിറ്റുകൾ മുഖേന മരണ കാരണം കണ്ടെത്താനും അത് എങ്ങനെ കുറയ്ക്കാമെന്നും മനസ്സിലാക്കാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ഐ.സി.എം. ആറിന്റെ സീറോ സർവയിലൻസ് പഠനത്തിൽ കേരളത്തിലെ രോഗ വ്യാപനം 44% പേരിൽ മാത്രമാണെന്നും, അതിനാൽ തന്നെ പ്രമേഹവും രക്താദിമർദ്ദവും ഏറ്റവുമധികം ഉള്ള കേരളത്തിൽ കൂടുതലാളുകൾക്ക് രോഗം വരാനുള്ള സാധ്യത ഉണ്ട് എന്നുമാണ് കണ്ടെത്തിയത്. ഇത് സൂചിപിച്ചത് കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നാണ്. ഇതിനെ പറ്റി കൂടുതൽ മനസിലാക്കുന്നതിനു വേണ്ടി സംസ്ഥാനം സീറോ സർവയിലൻസ് പഠനം നടത്തിയിട്ടുണ്ട്. ഇത് വഴി നിലവിലെ രോഗ വ്യാപന നിരക്കും എത്രത്തോളം പേർക്ക് രോഗ പ്രതിരോധ ആന്റിബോഡികൾ ഉണ്ട് എന്നും നമുക്ക് മനസിലാക്കാൻ സാധിക്കും. മരണമടഞ്ഞവരുടെ കണക്ക് നോക്കിയാൽ 90%-ലധികം പേരും വാക്സിൻ എടുക്കാത്തവരാണെന്നതും ശ്രദ്ധേയമാണ്. |
| (സി) | പോസ്റ്റ് കോവിഡ് മരണങ്ങൾ കൂടിവരുന്നത് സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (സി) | കോവിഡ് രോഗ മുക്തമായവരിൽ മരണങ്ങൾ ഉണ്ടാകുന്നത് കോവിഡ് വൈറസ് ആന്തരിക അവയവങ്ങളിൽ സൃഷ്ടിച്ച മാറ്റങ്ങൾ കാരണമോ അല്ലെങ്കിൽ സ്വാഭാവികമായ മരണകാരണങ്ങൾ കൊണ്ടോ ആകാം. അതിനാൽതന്നെ കോവിഡ് മുക്തരായതിനുശേഷം സംഭവിക്കുന്ന മരണങ്ങളെല്ലാം കോവിഡ് വൈറസിന്റെ അനന്തര ഫലമായിട്ടാണെന്ന നിഗമനത്തിലെത്തുവാൻ സാങ്കേതികമായി സാധിക്കുകയില്ല. കോവിഡ് രോഗ |

| | | | |
|---|---|---|---|
| | | | മുക്തിവന്ന ശേഷമുള്ള മരണങ്ങൾ സംബന്ധിച്ച പഠനങ്ങളൊന്നും തന്നെ ആരോഗ്യവകുപ്പ് നടത്തിയിട്ടില്ല. |
| (ഡി) | പോസ്റ്റ് കോവിഡ് രോഗികളുടെ മരണങ്ങൾ കുറയ്ക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കോവിഡ് മുക്തരായതിനുശേഷവും വിവിധതരം രോഗങ്ങൾ രോഗികളിൽ കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി, 14 ജില്ലകളിലായി നിലവിൽ 1185 ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് കോവിഡ് രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും അവയെ ഫലപ്രദമായി ചികിത്സിക്കുന്നതിനും അതിലൂടെ രോഗാതുരതയും മരണനിരക്കും കുറയ്ക്കുക എന്നതുമാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം. ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗങ്ങൾ, പ്രമേഹം മറ്റ് ജീവിതശൈലി രോഗങ്ങൾ എന്നിവയുള്ള കോവിഡ് മുക്തരായ രോഗികൾക്ക് പ്രത്യേക പരിഗണനയും ചികിത്സയും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലൂടെ നൽകി വരുന്നുണ്ട്. ഇതിലൂടെ മരണങ്ങൾ കുറയ്ക്കുന്നതിനും രോഗാതുരത നിയന്ത്രിക്കുന്നതിനും സാദ്ധ്യമായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. നിസാരമായ ക്ഷീണവും കിതപ്പും മുതൽ ഗുരുതരമായ ഹൃദ്രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻട്രോമിൽ ഉൾപ്പെടുന്നു. ഇത്തരം രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനും വേണ്ടിയാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്. നിസാര ലക്ഷണങ്ങൾ ഉള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും തുടർ ചികിത്സ ആവശ്യമുള്ളവരെയും ഗുരുതര രോഗലക്ഷണമുള്ളവരെയും താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും പ്രവർത്തിക്കുന്ന Post Covid Speciality Clinic ലേക്ക് റഫർ ചെയ്ത് ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി പോസ്റ്റ് കോവിഡ് രോഗികളിൽ ഉണ്ടാകാനിടയുള്ള സങ്കീർണ്ണതകളും, മരണങ്ങളും ഒരു പരിധിവരെ കുറയ്ക്കുവാനായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ